DESPATCHED
On..17/6/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 259(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 4897/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 16

ശ്രീ. പത്മേഷ് ടി.കെ.,
തായാട്ടുകണ്ടിയിൽ,
ഇരുവള്ളൂർ പി.ഒ., അമ്പലപ്പാട്,
ചേളന്നൂർ, കോഴിക്കോട് – 673 616.

} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ചേവായൂർ, എരഞ്ഞിപ്പാലം – 673 006.
2) അപ്പീൽ അധികാരി,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
ചേവായൂർ, എരഞ്ഞിപ്പാലം – 673 006.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 07/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 09/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 19/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 15/06/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പത്മേഷ് ടി.കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമല്ലാത്തതും, തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുമുള്ള മറുപടിയാണ് ലഭിച്ചതെന്നും തുടർന്ന് ഒന്നാം അപ്പീൽ അധികാരിക്ക് സമർപ്പിച്ച അപ്പീലിന് മറുപടി ലഭിക്കാത്തതിനാൽ നേരിട്ട് ഓഫീസിൽ ഹാജരായതിൻപ്രകാരം ലഭിച്ച മറുപടി ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്നും ആയതിനാൽ തെറ്റായ വിവരങ്ങൾ നൽകിയ ഉദ്യോഗസ്ഥനെതിരെ നിയമനടപടികൾ

സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കെ.ഇ.ആറിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 07.11.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, 28.6.2021-ന് ചേവായൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ ശ്രീവിദ്യാമന്ദിരം സ്കൂളിനെ സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുവാൻ സമർപ്പിച്ച അപേക്ഷയിലെ 2-ാമത്തെ ചോദ്യത്തിന് 'ഉണ്ട്' എന്നാണ് മറുപടി ലഭിച്ചതെന്നും ടി ഇനത്തിൽ ആവശ്യപ്പെട്ട ശ്രീവിദ്യാമന്ദിരം എ.എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ് ട്രാൻസ്ഫർ ചെയ്യാനുള്ള നിയമതടസ്സം എന്താണെന്നും പരാതിയോ, കോടതി ഉത്തരവുകളോ, സർക്കാർ ഉത്തരവുകളോ ആണെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.11.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, മാനേജ്മെന്റ് മാറ്റുന്ന വ്യക്തിയ്ക്ക് സ്കൂൾ സ്വത്തുകളിന്മേൽ പൂർണ്ണമായ അവകാശം ഉണ്ടാവണമെന്നും കെ.ഇ.ആർ. അദ്ധ്യായം 3 റൂൾ 1 പ്രകാരം സ്കൂൾ സ്വത്തുക്കളിന്മേൽ പൂർണ്ണ ഉടമസ്ഥാവകാശമുള്ള വ്യക്തികളെ മാത്രമേ Individual Education Agency ആയി പരിഗണിയ്ക്കാൻ പറ്റുകയുള്ളു എന്നതിനാൽ അപേക്ഷകയ്ക്ക് സ്കൂൾ സ്വത്തിന്മേൽ പൂർണ്ണ ഉടമസ്ഥാവകാശം ഉണ്ടെന്നുള്ള രേഖകൾ ഹാജരാക്കേണ്ടതാണെന്നും ഇപ്പോഴത്തെ മാനേജരെ ആ പദവിയിൽ അംഗീകരിച്ചതിന്റെ രേഖ ഹാജരാക്കേണ്ടതുണ്ടെന്നും കോടതി ഉത്തരവോ മറ്റെന്തെങ്കിലും നിർദ്ദേശമോ നിലവിലില്ലെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 09.12.2021 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 30.12.2021 തീയതി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, ടി ഓഫീസിൽ നിന്ന് 29.11.2021 തീയതി നൽകിയ മറുപടിയിൽ ഇടപെടുന്നതിന് ആവശ്യമായ രേഖകൾ ഹർജിക്കാരൻ സമർപ്പിക്കാത്തതിനാൽ ടി ഓഫീസിൽ നിന്നും നൽകിയ മറുപടി ശരിവെക്കുന്നുവെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 11.04.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കോഴിക്കോട് ജില്ലയിൽ ചേവായൂർ ഉപജില്ലയിൽപ്പെട്ട ശ്രീവിദ്യാമന്ദിരം എ.എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ് മാറ്റവുമായി ബന്ധപ്പെട്ട് ശ്രീ.പത്മേഷ് ടി.കെ. എന്നയാൾ സമർപ്പിച്ച വിവരാവകാശ അപേക്ഷ 30.6.2021-ന് ടി ഓഫീസിൽ ലഭിക്കുകയും ആയതിനുള്ള മറുപടി ടി ഓഫീസിൽ നിന്ന് 15.7.2021-ന് നൽകുകയും ചെയ്തു എന്നും ടി അപേക്ഷ പ്രകാരം രണ്ടാമത്തെ ചോദ്യമായ മാനേജ്മെന്റ് ട്രാൻസ്ഫർ ചെയ്യാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്നതിന് 'ഉണ്ട്' എന്നാണ് മറുപടി നൽകിയിരുന്നതെന്നും ശ്രീവിദ്യാമന്ദിരം സ്കൂളിന്റെ

എടുപ്പും വസ്തുവകകളും മുൻ മാനേജരായ ശ്രീമതി. ലീലാവതി അമ്മ അന്ന് അനുജത്തിയുടെ മകനും പോലീസുകാരനുമായിരുന്ന ശ്രീ. ശ്രീവത്സന് ആധാര പ്രകാരം നൽകി രജിസ്റ്റർ ചെയ്യപ്പെട്ടതുമാണെന്നും ശ്രീമതി ലീലാവതി അമ്മയുടെ മരണശേഷം ടിയാരിയുടെ അനുജത്തിയും ശ്രീവത്സന്റെ അമ്മയുമായ ശ്രീമതി വിശാലാക്ഷി അമ്മയ്ക്ക് മാനേജർ സ്ഥാനം സിദ്ധിക്കുകയും ആയത് തുടർന്ന് വരികയുമാണെന്നും സ്കൂൾ കെട്ടിടവും അതിനോടനുബന്ധിച്ച സ്ഥലങ്ങളും ശ്രീവത്സന്റെ പേരിലായതിനാലും കൂടാതെ ശ്രീവത്സന്റെ അവകാശികൾ മാനേജർ മാറ്റം സംബന്ധിച്ച തീരുമാനം എടുക്കുമ്പോൾ അവരെ കൂടി കേൾക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ കൂടിയാണ് ഇത്തരം ഒരു മറുപടി നൽകിയിട്ടുള്ളതെന്നും വീണ്ടും ടിയാൻ 10.11.2021-ന് സമർപ്പിച്ച അപേക്ഷയിൽ ശ്രീവിദ്യാമന്ദിരം എ.എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ് ട്രാൻസ്ഫർ ചെയ്യാനുള്ള നിയമതടസ്സം എന്താണെന്നും പരാതിയോ കോടതി ഉത്തരവുകളോ, സർക്കാർ ഉത്തരവുകളോ ആണെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും ആയത് അപേക്ഷിച്ചിരുന്നുവെന്നും ആയതിന് 24.11.2021-ന് മറുപടിയായി മാനേജ്മെന്റ് മാറുന്ന വ്യക്തിയ്ക്ക് സ്കൂൾ സ്വത്തുകളിന്മേൽ പൂർണ്ണമായ അവകാശം ഉണ്ടാവണമെന്നും കെ.ഇ.ആർ. അധ്യായം 3 റൂൾ 1 പ്രകാരം സ്കൂൾ സ്വത്തുക്കളിന്മേൽ പൂർണ്ണ ഉടമസ്ഥാവകാശമുള്ള വ്യക്തികളെ മാത്രമേ Individual Education Agency ആയി പരിഗണിയ്ക്കാൻ പറ്റു എന്നും എയ്ഡഡ് സ്കൂൾ മാനേജ്മെന്റും ആയത് സംബന്ധിച്ച വിവരവും വിശദാംശങ്ങളും കെ.ഇ.ആർ. അധ്യായം 3-ൽ ആയതിനാലാണ് ഇത്തരം ഒരു മറുപടി ടി ഓഫീസിൽ നിന്നും നൽകിയത് എന്നും മേൽ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ച് 10.12.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 30.12.2021-ന് മറുപടി നൽകിയിട്ടുണ്ടെന്നും മേൽ എയ്ഡഡ് സ്കൂളുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് മാറ്റം, നിയമനം മുതലായ കാര്യങ്ങൾ എല്ലാം കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ചാണ് കൈകാര്യം ചെയ്തു വരുന്നതെന്നും ആയതിനാൽ ടി ഓഫീസിൽ നിന്നും ടിയാന് മുൻപ് നൽകിയ മറുപടി ശരി വയ്ക്കുകയാണ് ഉണ്ടായതെന്നും ഇക്കാര്യത്തിൽ ടി ഓഫീസിന്റെ ഭാഗത്ത് നിന്നും വീഴ്ചയോ അലംഭാവമോ ഉണ്ടായിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചു. ഹർജിക്കാരൻ 28.6.2021-ന് നൽകിയ വിവരാവകാശ അപേക്ഷയിലെ 2-ാമത് ചോദ്യത്തിൽ മാനേജ്മെന്റ് ട്രാൻസ്ഫർ ചെയ്യാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ എന്ന ചോദ്യത്തിന് 'ഉണ്ട്' എന്ന മറുപടിയിലുള്ള വിശദീകരണമാണ് 7.11.2021-ലെ വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത്. ആയതിന് ലഭ്യമായ മറുപടി സമയബന്ധിതമായി എതിർകക്ഷികൾ നൽകിയിട്ടുമുണ്ട്. ഒരു

പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ നൽകുക എന്നതാണ് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതുപോലെ രേഖകളുടെ വിശദീകരണം വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ ഉപദേശം തേടുന്ന ചോദ്യങ്ങൾ, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് വിവരം നൽകണമെന്ന ആവശ്യം തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നവയുമല്ല. ആയതിനാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തിയും എയ്ഡഡ് സ്കൂളിന്റെ മാനേജ്മെന്റ് മാറ്റം, നിയമനം തുടങ്ങിയ കാര്യങ്ങളിലുള്ള ഹർജിക്കാരന്റെ ആക്ഷേപം തീർക്കുന്നതിനായി ബന്ധപ്പെട്ട മേലധികാരികൾക്ക് പരാതി നൽകി ഹർജിക്കാരന് പരിഹാരം തേടാവുന്നതാണെന്ന് നിർദ്ദേശിച്ചുകൊണ്ടും ഈ അപ്പീൽ ഹർജിയിലെ നടപടി അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2022 ജൂൺ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us